**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 485** **08-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കാരണങ്ങളാൽ 2019-ൽ മസ്റ്ററിംഗ് പൂർത്തിയാക്കാൻ സാധിക്കാതിരുന്നവരോ മസ്റ്ററിംഗ് പരാജയപ്പെട്ടവരോ ആയ നിരവധി പേർക്ക് 2019 ഡിസംബർ മുതൽ ഇരുപത് മാസത്തോളമായി സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയിരിക്കുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശരാശരി 56 ലക്ഷം പേർക്ക് എല്ലാ മാസവും മുടങ്ങാതെ 1600 രൂപ വീതം പെൻഷൻ നൽകി വരുന്നുണ്ട്. ഇതിനായി ശരാശരി 856 കോടി രൂപ വീതം പ്രതിമാസം സർക്കാർ ചെലവാക്കി വരികയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ചുള്ള സി & എ. ജി-യുടെ 2016-ലെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ട് (റിപ്പോർട്ട് നം.6) പ്രകാരം ധാരാളം പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. സമൂഹത്തിലെ അശരണരും നിരാലംബരുമായ ജനങ്ങൾക്ക് ഒരു കൈത്താങ്ങെന്ന നിലയിൽ ഏർപ്പെടുത്തിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായ എല്ലാവർക്കും ലഭ്യമാകണമെന്നതാണ് സർക്കാർ നയം. അതേ സമയം, അനർഹരായവരെ ഒഴിവാക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യവുമാണ്. സി & എ.ജി റിപ്പോർട്ടിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിൽ നടത്തിയ സർവ്വേയിൽ നിരവധി പേർ അനർഹമായി പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. കൂടാതെ മരണപ്പെട്ടവരുടെ പേരിലും പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. ചിലർ ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽ നിന്നും പെൻഷൻ വാങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം സാഹചര്യത്തിലാണ് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചത്. 2019 ഡിസംബർ വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ അക്ഷയ സെന്റർ വഴി മസ്റ്ററിംഗ് നടത്തേണ്ടതാണ്. ഇതിനായി 2019 നവംബർ മാസം മുതൽ 2020 |

| | | | |
|---|---|---|---|
| | | | ഒക്ടോബർ മാസം വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. 5 വയസ്സ് തികയാത്ത കുട്ടികൾ, കിടപ്പ് രോഗികൾ, 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ, മറ്റ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവരുടെ വീട്ടിൽ ചെന്ന് മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. അക്ഷയ സെന്ററിൽ എത്താൻ കഴിയാത്ത ശാരീരിക അസ്വസ്ഥതയുള്ളവരുടെ കാര്യത്തിൽ അവരുടെയോ ബന്ധുക്കളുടെയോ യഥാവിധിയുള്ള അറിയിപ്പ് പ്രകാരം അക്ഷയ സെന്റർ അധികൃതർ വീട്ടിൽ പോയും മസ്റ്ററിംഗ് നടത്തിയിരുന്നു. ഇതിനെല്ലാമുള്ള ചെലവ് സർക്കാരാണ് വഹിച്ചിട്ടുള്ളത്. ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്കും ആധാർ ഇല്ലാത്തവർക്കും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും അവസരം നൽകിയിരുന്നു. എന്നിരുന്നാലും ഇനിയും കുറെ പേർ മസ്റ്ററിംഗ് നടത്താനുണ്ട് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് പ്രതിസന്ധികളൊന്നും തന്നെ ഉള്ളതായി സർക്കാർ കരുതുന്നില്ല. ഇനിയും മസ്റ്റർ ചെയ്യാനുള്ളവർക്ക് അതിനുള്ള അവസരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പ്രസ്തുത പ്രശ്നം എന്നത്തേയ്ക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | എത്രയും വേഗം പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരും അനർഹമായി പെൻഷൻ കൈപ്പറ്റുന്നവരും ഉൾപ്പെട്ടിരുന്നുവെന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തൊട്ടാകെയുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി സർക്കാർ ചെലവിൽ മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ മുഖേന 2019 നവംബർ 11 മുതൽ നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളായവർക്ക് മസ്റ്റർ ചെയ്യുന്നതിനും, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്കും/ ആധാർ ഇല്ലാത്തവർക്കും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും അവസരം നൽകിയിരുന്നു. 5 വയസ്സ് തികയാത്ത കുട്ടികൾ, കിടപ്പു രോഗികൾ, 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ, മറ്റ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർക്ക് വീട്ടിൽ ചെന്ന് മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. മസ്റ്റർ ചെയ്യുന്നതിന് 2020 ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നു.

മസ്റ്ററിംഗിനായി തുടർന്നും സമയം അനുവദിക്കണമെന്ന അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത പെൻഷൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക് 2020 ജൂൺ 29 മുതൽ ജൂലൈ 15 വരെ സംസ്ഥാനത്തെ വിവിധ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്താനും, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ / ഗുണഭോക്താക്കൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡുകളിൽ മുഖേന ജൂലൈ 16 മുതൽ 22 വരെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാനും, ഹോട്ട് സ്പോട്ടുകളിലും കണ്ടെയ്മെന്റ് സോണുകളിലും ഉള്ളവർക്ക് യാത്ര നിയന്ത്രണങ്ങളിൽ അയവു ലഭിക്കുന്ന തീയതി മുതൽ ഒരാഴ്ച കാലയളവിലും മസ്റ്ററിംഗിനായി സമയം അനുവദിച്ചിരുന്നു. തുടർന്ന് 2020 ഓഗസ്റ്റ് 10 മുതൽ 16-വരെയും 2020 ഒക്ടോബർ 01 മുതൽ 15 വരെയും മസ്റ്ററിംഗിനായി സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. ഈ അവസരങ്ങളിലെല്ലാം തന്നെ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രസ്തുത വിവരം പ്രാദേശിക സർക്കാരിൽ അറിയിക്കുന്ന

പക്ഷം ഹോം മസ്റ്ററിംഗിനും അനുമതി നൽകിയിരുന്നു. മസ്റ്ററിംഗ് സംബന്ധിച്ച എല്ലാ അറിയിപ്പുകളും മാധ്യമങ്ങൾ വഴി നൽകിയിട്ടുള്ളതുമാണ്

2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കളിൽ മസ്റ്റർ ചെയ്തിട്ടില്ലാത്തവരുടെ പെൻഷനാണ് തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 3,42,985 പേർ മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്. ഇവരിൽ പല കാരണങ്ങളാൽ സസ്പെന്റ് ചെയ്യപ്പെട്ടവർ ഒഴികെ 195142 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവിധ വിവിധ ക്ഷേമനിധി ബോർഡുകളിലെ 107541 പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ തടയപ്പെട്ടിട്ടുണ്ട്.

മസ്റ്ററിംഗിനായി സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്താനും, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ/ ഗുണഭോക്താക്കൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡുകൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാനും ഒരവസരം കൂടി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. പെൻഷന് അർഹതയുള്ളവർ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ തുടർന്ന് ലഭിക്കുന്നതാണ്.